ഉത്തരം.

(എ) ടൈംസ്കെയിൽ പരിഷ്കരണത്തിൽ പിശകുകൾ വന്നിട്ടുള്ളതായി ഗവണ്മെൻറ് കരുതുന്നില്ല. അദ്ധ്യാപകന്മാർ, വില്ലേജ് ഉദ്യോഗസ്ഥന്മാർ, പ്രസ്സ് തൊഴിലാളികൾ, കമ്പൗണ്ടറന്മാർ മുതലായ ഏതാനും വിഭാഗങ്ങളിൽ നിന്നും ശമ്പളനിരക്കുകൾ ഇനിയും വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ചില നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) വില്ലേജ് ഉദ്യോഗസ്ഥന്മാരുടെ നിവേദനങ്ങൾ പരിശോധിച്ച് അവക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ടൈംസ്കെയിൽ അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. ഗ്രാഡേഷൻ അദ്ധ്യാപകന്മാർക്കും ശമ്പള നിരക്കും പ്രമോഷനുള്ള അനുപാതക്രമവും വർദ്ധിപ്പിച്ചിട്ടുണ്ട്. മറ്റു വിഭാഗക്കാരിൽ നിന്നുമുള്ള നിവേദനങ്ങൾ ഗവണ്മെൻറ് പരിഗണിക്കാനുദ്ദേശിക്കുന്ന പേകമ്മിഷൻറെ പരിശോധനയ്ക്ക് വിധേയമാകുന്നതാണ്.

Third Amendment of the Constitution.

125. [16] **Shri M. P. Menon:** Will the Chief Minister be pleased to state:

(*a*) Were this Government's views ascertained by the Central Government in the matter of amending the concurrent list of the Constitution before the Constitution (III Amendment) Bill was introduced in the Centre Legislature;

(*b*) If so, what were the views offered?

Answer.

(*a*) Yes.

(*b*) This Government did not agree.

വനഭൂമികൾ.

126. [17] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകായ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതേവരെ കോട്ടയം ഫോറസ്റ്റ് ഡിവിഷനിൽ നിന്നും കൃഷിക്കായി പൊതുജനങ്ങൾക്ക് നൽകീട്ടുള്ള വനഭൂമിയുടെ ഏക്കർ, സെൻറ് മൊത്തം എത്ര;

(ബി) ഇതിൽ സംഘടനകൾക്കും, വ്യക്തികൾക്കും നൽകിയിട്ടുള്ള ഏക്കർ, സെൻറുകൾ യഥാക്രമം എത്ര വീതം?

ഉത്തരം.

(എ) കോട്ടയം ഫോറസ്റ്റ് ഡിവിഷനിൽ നിന്നും 6728 ഏക്കർ, 43 സെൻറ് വനഭൂമി കൃഷിക്കായി നൽകിയിട്ടുണ്ട്.

(ബി) ഇതിൽ 2361 ഏക്കർ, 15 സെൻറ് സ്ഥലം സംഘടനകൾക്കും, 4367 ഏക്കർ, 28 സെൻറ് സ്ഥലം വ്യക്തികൾക്കും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly